**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1706** **04-02-2026 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മുണ്ടേരി സീഡ്ഫാമിലെ ഒഴിവുകൾ നികത്തുന്നതും തൊഴിലാളികൾക്ക് ഇൻഷുറൻസ് പരിരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ മുണ്ടേരി സീഡ് ഫാമിൽ 356 തൊഴിലാളികൾ വേണ്ടിടത്ത് നിലവിൽ 298 തൊഴിലാളികൾ മാത്രമേയുള്ളൂവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത 58 ഒഴിവുകളിൽ കൂടി തൊഴിലാളികളെ നിയമിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br><br>22/07/2024ൽ 51 തൊഴിലാളികളുടെ (സ്ത്രീ 10 , പുരുഷൻ 41) ഒഴിവുകൾ ഉള്ളതായി മുണ്ടേരി ഫാമിൽ നിന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ, നിലമ്പൂർ എംപ്ലോയ്മെന്റ് ഓഫീസർ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് 15/01/2026 ന് ലഭ്യമാക്കുകയും, 23/02/2026 മുതൽ ഉദ്യോഗാർത്ഥികളുടെ ഇന്റർവ്യൂ നടത്തുന്നതിന് തീരുമാനിക്കുയും ചെയ്തിട്ടുണ്ട്.<br><br>പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്തതിന് ശേഷം 3 സ്ഥിരം തൊഴിലാളികൾ വിരമിക്കുകയും, ഒരു സ്ഥിരം തൊഴിലാളി മരണപ്പെടുകയും, മൂന്ന് സ്ഥിരം തൊഴിലാളികളെ സ്ഥല മാറ്റം ചെയ്യുകയും ചെയ്തു മൂലം ആകെ 58 ഒഴിവുകളാണ് നിലവിലുള്ളത്. ടി ഒഴിവുകൾ കൂടി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | മേൽ സൂചിപ്പിച്ച ഫാമിലെ തൊഴിലാളികൾക്ക് എസ്.എൽ.ഐ., ജി.ഐ.എസ്. തുടങ്ങിയ ഇൻഷുറൻസ് പരിരക്ഷ കിട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | നിലവിൽ ഫാം തൊഴിലാളികൾക്ക് ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ അവർക്ക് ബാധകമായി സേവന വേതന വ്യവസ്ഥകൾ പ്രകാരമാണ്. |
| (സി) | നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ട് പ്രകാരം ഫാമുകളിൽ നിയമിതരായിട്ടുള്ള തൊഴിലാളികളെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | നിലവിൽ ഫാം തൊഴിലാളികൾക്ക് ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ അവർക്ക് ബാധകമായി സേവന വേതന വ്യവസ്ഥകൾ പ്രകാരമാണ്. |

സെക്ഷൻ ഓഫീസർ